STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.429/PR/SPMC/PHQ/2021 Date :22.09.2021

## സംസ്ഥാന പോലീസ് മേധാവിയുടെ

## പരാതി പരിഹാര അദാലത്ത് കണ്ണൂരിൽ നടന്നു

സംസ്ഥാന പോലീസ് മേധാവി അനിൽകാന്തിന്റെ പരാതി പരിഹാര അദാലത്ത് കണ്ണൂരിൽ സംഘടിപ്പിച്ചു. കണ്ണൂർ സിറ്റി, റൂറൽ ജില്ലകളിൽ നിന്നുള്ള പരാതിക്കാർക്കാണ് സംസ്ഥാന പോലീസ് മേധാവിയെ നേരിട്ട് കണ്ട് പരാതി നൽകാൻ അവസരം ലഭിച്ചത്. കണ്ണൂർ സിറ്റിയിൽ നിന്ന് 24 ഉം റൂറൽ ജില്ലയിൽ നിന്ന് 32 ഉം പരാതികളുമാണ് ലഭിച്ചത്. കൂടാതെ ഒട്ടനവധി പേരാണ് മുൻകൂട്ടി പരാതി രജിസ്റ്റർ ചെയ്യാതെ അദാലത്തിൽ പങ്കെടുക്കാനെത്തിയത്. ഉച്ചക്ക് ശേഷം 2.30 ന് തുടങ്ങിയ അദാലത്ത് ഇപ്പോഴും (രാത്രി എട്ട് മണി) തുടരുകയാണ്.

പരാതികളുടെ പ്രാധാന്യം കണക്കിലെടുത്ത് വിവിധ തരത്തിലുള്ള അന്വേഷണങ്ങൾക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകി. അദാലത്തിന്റെ ഉദ്ഘാടനം സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് നേരത്തെ നിർവ്വഹിച്ചു. ജില്ലയിലെ പിങ്ക് പട്രോളിന് അനുവദിച്ച വാഹനം അദ്ദേഹം ഫ്ളാഗ് ഓഫ് ചെയ്തു. പത്തനംതിട്ട, കൊല്ലം ജില്ലകളിൽ ഇതിനകംതന്നെ സംസ്ഥാന പോലീസ് മേധാവി പരാതി പരിഹാര അദാലത്ത് നടത്തിയിരുന്നു.

വിദൂര ജില്ലകളിൽ നിന്ന് പോലീസ് ആസ്ഥാനത്ത് എത്തി സംസ്ഥാന പോലീസ് മേധാവിയെ നേരിട്ടു കണ്ട് പരാതി പറയുന്നതിന് സാധാരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനാണ് സംസ്ഥാന പോലീസ് മേധാവി ജില്ലകളിൽ നേരിട്ടെത്തി പരാതി സ്വീകരിക്കുന്നത്. മുതിർന്ന പോലീസ് ഓഫീസർമാർ അദാലത്തിൽ പങ്കെടുത്തു. കാസർഗോഡ് നാളെ സംഘടിപ്പിക്കുന്ന അദാലത്തിലും സംസ്ഥാന പോലീസ് മേധാവി പങ്കെടുക്കും.

**ഫോട്ടോക്യാപ്ഷൻ :** ഫോട്ടോ 1. കണ്ണൂരിൽ നടന്ന പരാതി പരിഹാര അദാലത്ത് സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് ഉദ്ഘാടനം ചെയ്യുന്നു.

ഫോട്ടോ 2. കണ്ണൂരിൽ നടന്ന പരാതി പരിഹാര അദാലത്തിൽ സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് പരാതി സ്വീകരിക്കുന്നു.

************************